റോഡ് ട്രാൻസ്പോർട്ട് നിയമമനുസരിച്ച് സ്വകാര്യ ബസ്സുകളെ നിർബന്ധമായും ഇന്ന മേഖലകളിൽ ഓടിക്കണമെന്ന് നിർബന്ധിക്കാൻ കഴിയാത്ത ഒരവസ്ഥയാണുള്ളത്. അങ്ങനെ സ്വകാര്യബസ്സുകൾ നിർത്തിവയ്ക്കുന്ന സ്ഥലത്ത് പുതിയ സർവ്വീസുകൾ പെട്ടെന്നുതന്നെ തുടങ്ങേണ്ടിവരും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക പ്രതിസന്ധിവന്ന സമയത്ത് പാലക്കാട് ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും ഒരു നിശ്ചിത തുക അതായത് മൂന്നോ, നാലോ കോടി രൂപ വായ്പയായി എടുക്കുകയും ആ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക് നിർദ്ദേശിക്കുന്ന സ്ഥലത്തുകൂടി സർവീസ് നടത്തിക്കൊള്ളാമെന്ന് നിബന്ധന അംഗീകരിക്കുകയും അവർ പറയുന്ന കണ്ടീഷനനുസരിച്ച് പലിശയടയ്ക്കാം എന്ന് എഗ്രിമെന്റ് ചെയ്യുകയും ചെയ്തിട്ടുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇല്ല എങ്കിൽ അത് പരിശോധിക്കുന്നതിന് തയ്യാറാകുമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ : അതിന്റെ പ്രാരംഭ ചർച്ച എന്റെ സാന്നിദ്ധ്യത്തിലാണ് നടന്നത്. അത് സംബന്ധിച്ചുള്ള നടപടികൾ വിവിധ തലങ്ങളിൽ നടന്നുവരികയാണ്. അതിനെത്തുടർന്ന് മറ്റ് ജില്ലാ സഹകരണ ബാങ്കുകളും മുന്നോട്ടുവരുന്നുണ്ട്. ഹഡ്കോയുമായി ഇതു സംബന്ധിച്ച് ചില ധാരണയിലെത്താൻ ശ്രമിക്കുന്നുണ്ട്. കഴിയുന്നത്ര ബസ്സുകൾ നിരത്തിലിറക്കുക എന്ന ഉന്നലിൽ നിന്നുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.യും ഗവൺമെന്റും പ്രവർത്തിക്കാനാഗ്രഹിക്കുന്നത്.

(ii) അടിയന്തിര ചോദ്യത്തിന്റെ ഉത്തരം

മി. സ്പീക്കർ : അടിയന്തിര ചോദ്യം

5 (1) സൗദി അറേബ്യയിൽ നിന്നും സംസ്ഥാനത്തേക്ക് അയയ്ക്കുന്ന തപാൽ ഉരുപ്പടികൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ജൂലായ് 1-ാം തീയതി മുതൽ സൗദി അറേബ്യയിൽനിന്നും കേരളത്തിലേക്കുള്ള തപാൽ ഉരുപ്പടികൾ അയയ്ക്കുന്നത് മുടങ്ങിയിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമൂലം അവിടെയുള്ള പ്രവാസി കേരളീയർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സൗദിയിൽനിന്നും കേരളത്തിലേക്ക് വിമാനത്തിൽ അയയ്ക്കുന്ന ചരക്കിന് (കാർഗോ) സംസ്ഥാന സർക്കാർ താൽക്കാലിക വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുമൂലമാണ് ഈ പ്രതിസന്ധി ഉടലെടുത്തത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) ഉണ്ടെങ്കിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

LIBRARY ARCHIVES Kerala Legislative Assembly

(എ-സി) ഇങ്ങനെയൊരു പരാതി സൗദി അറേബ്യയിലെ 'മുഖം' സാഹിത്യ ചർച്ചാവേദി എന്ന സംഘടയുടെ വൈസ് പ്രസിഡന്റ് ശ്രീ. എം. സുനി എന്നയാളിൽ നിന്ന് 17-7-1999-ൽ കിട്ടിയിട്ടുണ്ട്. സൗദി അറേബ്യയിൽ തപാൽ ഉരുപ്പടികൾ സ്വീകരിക്കേണ്ടത് അവിടത്തെ പോസ്റ്റൽ വകുപ്പാണ്. സൗദിയിൽ നിന്ന് കേരളത്തിലേയ്ക്ക് വിമാനത്തിൽ അയയ്ക്കുന്ന ചരക്കിന് സംസ്ഥാന സർക്കാർ വിലക്കൊന്നും ഏർപ്പെടുത്തിയിട്ടില്ല. തിരുവനന്തപുരം എയർ ഇൻഡ്യ ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ ഇങ്ങനെയൊരു പ്രശ്നം അവരുടെ ശ്രദ്ധയിലും പെട്ടിട്ടില്ലെന്നാണ് അറിയിച്ചത്. ഈ പരാതിയെപ്പറ്റി സൗദി അറേബ്യയിലെ ഇൻഡ്യൻ എംബസി മുഖേന അന്വേഷിച്ചു നടപടിയെടുക്കണമെന്ന് കേന്ദ്ര വിദേശകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രധാനമന്ത്രിക്കും ഇതുസംബന്ധിച്ച് എഴുതിയിട്ടുണ്ട്.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, നമ്മുടെ സംസ്ഥാനത്തേക്ക് മാത്രം സൗദി അറേബ്യയിൽ നിന്നും തപാൽ ഉരുപ്പടികൾ സ്വീകരിക്കാത്ത പ്രശ്നമാണ് ഉന്നയിക്കുന്നത്. നെടുമ്പാശ്ശേരി പുതിയ വിമാനത്താവളത്തിൽ കാർഗോ സംവിധാനമേർപ്പെടുത്താത്തതിനാൽ ഒരു വഴിയിലൂടേയും കൊച്ചിയിലേക്ക് കാർഗോ അയയ്ക്കരുതെന്ന് അധികൃതർ ആവശ്യപ്പെട്ടിരിക്കുന്നു. കൊച്ചിയിൽ ഗ്രൗണ്ട് ഹാന്റ്ലിംഗ് കുത്തകയുള്ള എയർ ഇൻഡ്യ ഇക്കാര്യം വിമാന കമ്പനിയെ അറിയിച്ചതിനെത്തുടർന്നാണ് സൗദിഎയർ കമ്പനി കിഴക്കൻ പ്രവിശ്യയിലുള്ള തപാൽ അധികൃതരെ ഇക്കാര്യം അറിയിച്ചു നിരോധനമേർപ്പെടുത്തിയിരിക്കുന്നത്. ഇതിനകത്ത് എയർ ഇൻഡ്യയാണ് പ്രതി. ഇതിൽ സിവിൽ ഏവിയേഷൻ വകുപ്പുമായി ബന്ധപ്പെട്ട് എയർ ഇൻഡ്യ നടത്തിയിരിക്കുന്ന സമീപനമവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഇതിൽ തപാലുരുപ്പടികൾ അയയ്ക്കാതിരിക്കുന്നത് സംബന്ധിച്ചാണ് ചോദ്യം. മറ്റ് ചരക്കുകളയയ്ക്കുന്നതിനെക്കുറിച്ചല്ല. ഇതിനെ സംബന്ധിച്ച് എയർ ഇൻഡ്യയുമായി ബന്ധപ്പെട്ടപ്പോൾ ഇങ്ങനെയൊരു പ്രശ്നം അവരുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ് എനിക്ക് കിട്ടിയ മറുപടി. ഇതിനെ സംബന്ധിച്ച് ഇൻഡ്യൻ എംബസി മുഖേന നടപടിയെടുക്കണമെന്ന് കേന്ദ്ര വിദേശകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : സർ, നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ കാർഗോ ഏർപ്പെടുത്താത്ത ഒരു കാര്യം പറഞ്ഞാണ് ഇപ്പോൾ വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നത്. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ കാർഗോ സംവിധാനമേർപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : സൗദിയിൽ നിന്നും കേരളത്തിലേക്ക് വിമാനത്തിൽ അയയ്ക്കുന്ന ചരക്കിന് സംസ്ഥാന സർക്കാർ വിലക്ക് ഏർപ്പെടുത്തിയതുമൂലമാണ് പ്രതിസന്ധിയുടലെടുത്തതെന്ന് മനസ്സിലായിട്ടുണ്ടോ എന്ന ചോദ്യമാണ്. ഈ ചരക്കിന് സംസ്ഥാന സർക്കാർ വിലക്കൊന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം തിരുവനന്തപുരം എയർ ഇൻഡ്യ ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ ഒരു പ്രശ്നവും അവരുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ് മറുപടി കിട്ടിയത്.

<u>ശ്രീ. കെ.പി. രാജേന്ദ്രൻ</u> : യു.എ.ഇ.യിൽ തൊഴിലാളികൾക്ക് വിസ നിഷേധിക്കുന്ന നടപടികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ അടിയന്തിരമായി പരിഹരിക്കണം. ആയിരത്തോളം വരുന്ന തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

കളുടെ കാര്യമാണ്. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു വേണ്ടിയാണ് ചോദിക്കുന്നത്.

ശ്രീ. ഇ.കെ. നായനാർ : അതിന് പ്രത്യേകം നോട്ടീസ് വേണം.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(iii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

6 (*531) അമിതവേഗത മൂലമുള്ള അപകട മരണങ്ങൾ

ശ്രീ. എം.എ. തോമസ് :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എളമരം കരീം :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സൂപ്പർ ഫാസ്റ്റ് ഉൾപ്പെടെയുള്ള ദീർഘ ദൂര ബസ്സുകളുടെ അമിത വേഗതമൂലം അപകടമരണങ്ങൾ സംഭവിക്കാറു ള്ളത് ശ്രദ്ധയിൽപ്പെട്ടുവോ?

(ബി) എങ്കിൽ സൂപ്പർ ഫാസ്റ്റുകളുടെ അമിതവേഗത നിയന്ത്രിക്കുന്ന തിനും അപകടം കുറയ്ക്കുവാനും എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് സൂപ്പർ ഫാസ്റ്റുകളുടെ അപകടനിരക്കു കൂടി വരുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാ ക്കുമോ;

(ഇ) സൂപ്പർ ഫാസ്റ്റുകളുടെ അമിത വേഗതയും അപകടവും ഒഴിവാ ക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സൂപ്പർ ഫാസ്റ്റുകൾ വരുത്തിവയ്ക്കുന്ന അപകടമരണങ്ങൾ ഒഴിവാക്കാൻ പരിചയസമ്പന്നരും സാധാരണ കാഴ്ചശക്തിയുമുള്ള ഡ്രൈവർമാരെ മാത്രം നിയോഗിക്കാനും നല്ല കണ്ടീഷൻ ഉള്ള ബസ്സുകൾ മാത്രം ഓടിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ) :

(എ) അമിത വേഗതമൂലം അപകടം ഉണ്ടാകാറില്ല. ആവശ്യമായ റണ്ണിംഗ് സമയം ഇത്തരം സർവ്വീസുകൾക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ഫാസ്റ്റു ബസ്സുകൾ അമിത വേഗതയിൽ ഓടിക്കുന്നില്ല.

(സി) സൂപ്പർ ഫാസ്റ്റ് മാത്രമായി അപകടത്തിൽപ്പെടുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly